**കഥ**

## ഒരാൾ കഥയിലേക്ക് പ്രവേശിക്കുന്നതെങ്ങിനെ....

ഒരാൾ കഥയിലേക്ക് വരുന്നതെന്തിനാണ്....... നമുക്ക് അയാളെ അറിയുന്നതിനാണ്. നാം എന്തിനാണ് അയാളെ അറിയുന്നത്..... അയാളുടെ അനുഭവം കാണുന്നതിനാണ്. എന്തിനാണ് നാം അയാളുടെ അനുഭവം കാണുന്നത്..... നമുക്ക് ചുറ്റും നടക്കുന്ന കാര്യങ്ങളെ ബോദ്ധ്യമാകാനാണ്. എന്തിനാണ് നാം ചുറ്റും നടക്കുന്ന കാര്യങ്ങൾ ബോദ്ധ്യമാകുന്നത്..... ഇങ്ങിനെയൊക്കെയാണ് ഇവിടെ നടക്കുന്നതെന്ന് മനസ്സിലാക്കാനാണ്. അതുകണ്ട് ജീവിതം പഠിക്കുന്നതിനാണ്, പുതുകാലത്ത് ജീവിതത്തെ കരുപിടിപ്പിക്കുന്നതിനു വേണ്ടിയാണ്. അതുകൊണ്ട്, അതുകൊണ്ട് മാത്രം ആ ഒരാള് കഥയിലേക്ക് വരേണ്ടത് അനിവാര്യമാണ്.

ആ ഒരാൾ കഥയിലേക്ക് വരണമെങ്കിൽ അയാൾക്ക് നാം അറിയാത്ത, കേൾക്കാത്ത ഒരു കഥ വേണം. അങ്ങിനെ ഒരു കഥയുണ്ടാവണമെങ്കിൽ പുതിയ ജീവിത സാഹചര്യങ്ങള് വേണം, ഭൂപ്രകൃതി വേണം.

അങ്ങിനെ പലതും വേണം.

അങ്ങിനെ പലതും ഉണ്ടായിരുന്നതിനാല് ആ ഒരാൾ വരികയാണ്.

അയാൾ നാല്പതു വയസ്സുകാരൻ.

കഥക്ക് അയാള് മാത്രം പോരാ, കഥ പിറക്കണമെങ്കില് കൂട്ടു വേണം. അതുകൊണ്ട് അയാളുടെ ഭാര്യ മുപ്പതു വയസ്സുകാരിയും വരുന്നു.

കഥ പറഞ്ഞു തുടങ്ങണമെങ്കിൽ ഒരു നിർണ്ണായകമായ തിരുകുറി വേണം. അതിനായിട്ട് അവർക്കൊരു കുട്ടിയെക്കൂടി കൊടുക്കാം.

ആൺകുട്ടി മതിയോ.....

ആൺകുട്ടികളുടെ കഥകൾക്ക് മനുഷ്യ മനസ്സുകളെ വികാരം കൊള്ളിക്കാൻ, മുൾമുനയിൽ നിർത്താൻ കഴിവു കുറവാണ്, അപ്പോൾ പെൺകുട്ടി......

പെൺകുട്ടി പത്തു വയസ്സ്.

വാളയാറിലെ പെൺകുട്ടി ആയിക്കൊള്ളട്ടെ.

അല്ലെങ്കില് വേറെ എവിടെയെങ്കിലുമുള്ള പെൺകുട്ടി ആയാലോ......

മറ്റിടങ്ങളിലെ പെൺകുട്ടിയെ അന്വേഷിച്ചു പോകുന്നതിന് പ്രത്യേകമായൊരു സാംഗത്യമുണ്ടോ.... ഇല്ലെന്ന് തോന്നുന്നു. നമുക്ക് കേൾക്കാനുള്ള കഥയല്ലെ, നമ്മുടെ നാട്ടിലുള്ള പെൺകുട്ടി ആയാലെന്താ......

അതെ അതുമതി.

നമ്മുടെ നാട്ടിലുള്ള പെൺകുട്ടി, അയാളും അവളും നമ്മുടെ നാട്ടിലുള്ളവരു തന്നെ.

അതിന് കാരണമുണ്ട്. അവിടത്തെ, അല്ലെങ്കിൽ മറ്റെവിടത്തെ പെൺകുട്ടിയാണെങ്കിലും ഉണ്ടാക്കുന്ന വികാരമല്ല നമുക്ക് സ്വന്തം നാട്ടിലുള്ള പെൺകുട്ടിയോടുണ്ടാകുന്നത്, മറ്റു കഥാപാത്രങ്ങളോടുണ്ടാകുന്നത്. കഥയും പുതുതാകും.

അതുകൊണ്ട് ഇവിടത്തെ പെൺകുട്ടി മതി, ഇവിടുള്ളവർ മതി.

പെൺകുട്ടിയാകുമ്പോള് ഒരു പേരു വേണ്ടെ...... പേരു വേണോ...അത്യാവശ്യ ഘടകമാണോ.... അല്ലെന്നു തോന്നുന്നു. ഇതിനു മുമ്പ് കേട്ടിട്ടുള്ള കഥകൾ വഴി കടന്നു പോയിട്ടുള്ള പെൺകുട്ടികളുടെയൊന്നും പേരുകൾ ഇപ്പോള് നമ്മുടെ ഓർമ്മയിൽ നിലനിൽക്കുന്നില്ല, കഥകള് മാത്രമാണ് ഉള്ളത്. ഇരകൾക്ക് യഥാർത്ഥ പേര് കൊടുക്കരുതെന്നാണ് മനിഷ്യാവകാശ കമ്മീഷൻ പറയുന്നതും. അതുകൊണ്ട് ഒരു പേര് നിർബന്ധമല്ല.

അയാൾക്കോ......

അയാളുടെ ഭാര്യയായ അവൾക്കോ....

മകളെന്ന പെൺകുട്ടിക്കു വേണ്ടാത്തയിടത്ത് അവർക്കെന്തിനാണ്. അവർക്കും ആവശ്യമില്ല.

പേരില്ലാത്ത അവർ കഥയിലേക്ക് പ്രവേശിക്കാനായി കഥയുടെ പരിസരത്തേക്ക്, കഥയുടെ ജീവിതത്തിലേക്ക് വരികയാണ്.

നേരം പുലർന്നു കഴിഞ്ഞു.

ശാന്തമായ പ്രഭാതം.

അടുത്ത നാളിൽ ഇടിയും മഴയുമുണ്ടായില്ല, കടുത്ത ചുഴലിയും കാറ്റും വന്നില്ല.
മനോഹരമായ, വശ്യമായ പ്രഭാതം.

അയാൾ ഉണർന്നെഴുന്നേറ്റിട്ടുണ്ട്. അയാളുടെ ഭാര്യയും.

പെൺകുട്ടിയാണെങ്കിൽ ഉണർന്ന് സ്കൂളിൽ പോകാനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. പഠിക്കുകയും ഗൃഹപാഠങ്ങൾ ചെയ്യുകയും മറ്റും.

അവരുടേത് ഒരു ചെറിയ വീടാണ്. വഴിയോരത്ത്, മൂന്ന് സെന്റ് സ്ഥലത്ത്, ഒരു മുറിയും അടുക്കളയും മാത്രമേ ഉള്ളിലുണ്ടാകൂ. മുന്നില് നിന്ന കാണാൻ ഒരു വരാന്തയും.

അവിടെയുള്ള വീടുകളെല്ലാം അങ്ങിനെയുള്ളതുകളാണ്. മറ്റെവിടനിന്നോ പറിച്ചെടുത്ത് കൊണ്ടുവന്ന് നട്ടു വളർത്തിയത്. ഇങ്ങിനെയുള്ള സാഹചര്യങ്ങൾ എല്ലായിടങ്ങളിലുമുണ്ട്. മറ്റുള്ളവർക്ക് മനോഹരമായ ജീവിത ചുറ്റുപാടുകൾ കെട്ടിപ്പടുക്കാനായി സർക്കാർ തന്നെ ഒഴിപ്പിച്ച് പറിച്ചു നടുന്ന പാഴ്ച്ചെടികൾ. ഇരുപത്തിയെട്ട് വീടുകൾ. നിത്യംതൊഴിൽ ചെയ്ത് ജീവിക്കുന്നവർ. ആക്ഷേപകരമായ പേരിട്ട് വിളിക്കുന്ന കോളനികൾ.

അയാൾ കപ്പലണ്ടി കച്ചവടക്കാരനാണ്. സൈക്കിൾ വണ്ടി വീടിനോട് ചേർന്ന് ഒതുക്കി നിർത്തിയിട്ടുണ്ട്. ഉച്ച കഴിഞ്ഞേ അയാൾക്ക് ജോലി തുടങ്ങുകയുള്ളൂ. എന്നാലും അയാൾ വെറുതെ ഇരിക്കുകയല്ല. മുറത്തിൽ കടല നിരത്തി ചണ്ടികൾ നീക്കി, മുറ്റത്ത് വിരിച്ചിരിക്കുന്ന ചാക്കിൽ ഉണങ്ങാൻ ചിക്കുകയാണ്. അയാളുടെ ഭാര്യ അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുന്ന തിരക്കിലാണ്. മൂന്ന പേർക്ക് പ്രഭാത്തിലും ആയാൾക്കും മകൾക്കും ഉച്ചയ്ക്കും ഭക്ഷണം വേണം. മകൾക്ക് ഉച്ചക്കുള്ളത് പാത്രത്തിലാക്കുവാനുമുണ്ട്. അവൾക്ക് അവിടെ ഉച്ചഭക്ഷണമില്ല. അവൾ ഉടനെ തന്നെ ജോലിക്കായി പുറപ്പെടും. നഗരത്തിലെ നാലഞ്ച് വീടുകളിലെ പുറം പണികൾ ചെയ്യുന്നതവളാണ്. ഏതെങ്കിലും വീട്ടിൽ നിന്നും കഴിക്കും. ഉച്ചക്കുശേഷം അയാള് ജോലിക്ക് പോകും മുമ്പ് തിരിച്ചെത്തിച്ചേരുകയും ചെയ്യും.

കുട്ടി പഠനവും ഗൃഹപാഠങ്ങളും കഴിഞ്ഞ്, കുളിച്ച്, കഴുകി വൃത്തിയാക്കിയ സ്കൂൾ യൂണിഫോമിട്ട് ഭക്ഷണം കഴിക്കുകയാണ്. പെൺകുട്ടി അത്ര ചടച്ചിട്ടല്ല. എന്നാൽ അത്ര തടിച്ചിട്ടുമല്ല. അയാളും ഭാര്യയും ചടച്ചിട്ടാണ്. അവര് ചടച്ചിരുന്നാലും പെൺകുട്ടി നന്നായിരിക്കമെന്നാണ് അവര് ആഗ്രഹിക്കുന്നതെന്ന് തീർച്ച.

അയാളുടെ ഭാര്യയും പെൺകുട്ടിയും പുറത്തേക്ക് പോകാനായിട്ടൊരുങ്ങി വരാന്തയില് ഇറങ്ങി. അവൾ ധരിച്ചിരുന്ന നരച്ച നൈറ്റി മാറ്റി കുറച്ചു കൂടി തെളിച്ചമുള്ള സാരിയാണ് ഉടുത്തിരിക്കുന്നത്. മുടി എണ്ണ പുരട്ടി വിടർത്തി കെട്ടിയൊതുക്കിയിരിക്കുന്നു. ഒരു ചുവന്ന പൊട്ടും തൊട്ടിരിക്കുന്നു. മുഖത്തെ എണ്ണമെഴുക്ക് കഴുകി തുടച്ച് പൗഡര് ഇട്ടിരിക്കുന്നു.

പെൺകുട്ടി ലാളിത്യം തുളുമ്പുന്ന മുഖവും പുഞ്ചിരിയുമായി അച്ഛനോട് യാത്ര പറയുന്നു. അവര് കടമ്പ കടന്ന് പോകുമ്പോൾ ഒരിക്കൽ കൂടി തിരിഞ്ഞു നോക്കുന്നുണ്ട്. അയാള് പണിയുടെ വ്യാപാരത്തില് നിന്ന് മുക്തനായി അവരെ നോക്കി ചിരിക്കുന്നുണ്ട്.

അയാൾ ഒരു ശാന്തനായ, സ്നേഹസമ്പന്നനായ മനുഷ്യനാണ്.

അവൾ നല്ല ഐശ്വര്യമുള്ള ശാലീനവതിയാണ്.

പെൺകുട്ടി ആരെക്കൊണ്ടും, ഇങ്ങിനെ ഒരു മകൾ നമുക്കുമുണ്ടായിരുന്നെങ്കിൽ എന്ന് തോന്നപ്പിക്കുന്നവളാണ്.

അവർ പോയിക്കഴിഞ്ഞും അയാൾക്ക് അവിടെ ചെയ്യുവാൻ ജോലികളുണ്ട്, മുറ്റത്തെ ചവറുകർ അടിച്ചു കളയണം, പുല്ലുകൾ മുളച്ചിട്ടുണ്ടെങ്കിൽ പറിച്ചു നീക്കണം. കിഴക്കേ കോണിൽ നട്ടു വളർത്തുന്ന വഴുതന, പച്ചമുളക്, ചീര എന്നീ ഗൃഹ വസ്തുക്കളെ നനച്ച് തണുപ്പിക്കണം. വേണമെങ്കിൽ രണ്ടു കൊള്ളി വിറക് ചെറുതാക്കി വയ്ക്കണം. വിറകില്ലെങ്കൽ അടുത്ത തടിയറപ്പു മില്ലിൽ ചെന്ന് വാങ്ങി വരണം, തടിയുടെ പോളയുണ്ടെങ്കിൽ വിലകൊടുക്കാതെ ശേഖരിക്കണം.

പിന്നെ, കപ്പലണ്ടി കച്ചവടത്തിന് കൊണ്ടു പോകുന്ന സൈക്കിൾ വണ്ടിയുടെ ചക്രങ്ങളിൽ കാറ്റു കുറവുണ്ടോയെന്ന് നോക്കണം, സ്റ്റൗ അടുപ്പ്, പാത്രങ്ങൾ, പൊതിയുണ്ടാക്കാനുള്ള കടലാസുകൾ ഒരുക്കി വയ്ക്കണം.

അതെല്ലാം അയാൾ സന്തോഷത്തോടെ ചെയ്ത് തീർത്ത് ഭാര്യ ഉണ്ടാക്കിവച്ചിരിക്കുന്ന ഉച്ചഭക്ഷണം കഴിച്ച് ഒന്നു മയങ്ങുമ്പോഴേക്കും അവൾ വരും. സ്നേഹം ചേർത്ത പരിഭവത്തോടെ അയാളുടെ സമയനിഷ്ടയില്ലാത്തതിനെ കുറ്റം പറയും. മധുരം കുറച്ച് കട്ടൻ ചായ അനത്തി കുടിപ്പിച്ച് അയാളെ യാത്രയാക്കാൻ തുടങ്ങും. മധുരം കുറഞ്ഞെന്ന് പരിഭവം പറയുന്ന അയാൾക്ക് സ്നേഹം കൂട്ടി ഒരു മറുപടി അവൾ കൊടുക്കും. മധുരം അധികം കഴിച്ചാലേ, നേരത്തെ പ്രമേഹം വരും, നഷ്ടം എനിക്കും മോൾക്കുമാ.....അതുകൊണ്ട് ഇത്രേയൊക്കെ മതി.

ഓ.....ആട്ടെ....നിങ്ങൾക്ക് നഷ്ടം വരുന്നതാണെങ്കിൽ വേണ്ട. ഞാൻ സഹിക്കുന്നു.

ഓ...എന്നാ ചെന്നാട്ടെ...... ഇനിയും താമസിച്ചാലേ നമ്മൾ വണ്ടിയിടുന്നിടത്ത് മറ്റേ പുള്ളിക്കാരൻ വന്ന് കച്ചവടം തുടങ്ങും.

ഓ....

അയാള് തിരികെ എത്തുന്നത് കുറെ ഇരുട്ടിയിട്ടാണ്. ഇരുട്ടിയിട്ടെന്നത് ആലങ്കാരികമായി പറഞ്ഞതാണ്. ഏതാണ്ട് രാത്രി പത്തുമണി കഴിഞ്ഞിരിക്കും.

അന്നും അയാൾ വന്നു.

എന്താണ് ആളും പേരും ഇല്ലാത്തതുപോലോ....

വീട്ടില് വിളക്ക് തെളിച്ചിട്ടില്ല.

അടുത്ത വീടുകളിൽ തെളിയുന്നുണ്ടല്ലോ.

വൈദ്യുതി ഇല്ലെങ്കിൽ, റാന്തൽ വിളക്ക് തെളിച്ച് വരാന്തയിൽ, ബഞ്ചിൽ അവൾ ഇരിയ്ക്കേണ്ടതായിരുന്നു. അവളുടെ മടിയിൽ മകൾ ഉറങ്ങേണ്ടതായിരുന്നു.

വേദനിപ്പിക്കുന്നൊരു മൂകത, ഇരുളിമ.

ഇല്ല, വെറുതെ തോന്നലാകാം.

വണ്ടി ഇടേണ്ടിടത്ത് ഒതുക്കി നിർത്തി. വാരന്തിയിൾ കയറി, വൈദ്യുത വിളക്ക് കൊളുത്തിയില്ല. കൊളുത്തേണ്ട സാവകാശം മനസ്സിന് നഷ്ടമായിക്കഴിഞ്ഞിരുന്നു. കതക് തുറന്ന് കിടക്കുന്നു. തീപ്പെട്ടി ഉരച്ച് തെളിച്ച വെളിച്ചത്തിൽ, അവര് തറയിൽ നിലത്ത്......

ഭിത്തിയിൽ ചാരി അവൾ, മടിയിൽ പെൺകുട്ടി. അവൾ, മകൾ കണ്ണുകളടച്ചിരിക്കുന്നു.

മോളേ.....

അയാൾ വിളിച്ചു, അപ്പോഴാണ് അയാൾ വന്നുവെന്ന് അവര് അറിഞ്ഞത്. എന്തു പറയണമെന്നറിയാതെ, എങ്ങിനെ തുടങ്ങണമെന്നറായാതെ കുറെ നേരം അവര് ചലനമറ്റിരുന്നു. അവരുടെ അടുത്തിരുന്ന്, ദേഹങ്ങളിൽ തട്ടി, തലോടി അയാൾ മനസ്സുകളെ സമനിലയിലേക്ക് കൊണ്ടു വന്നു. അവൾ പറഞ്ഞു.

മകൾ സ്കൂൾ വിട്ടു വരുമ്പോൾ അടുത്ത വീട്ടിലെ സുഹൃത്ത്, ഓട്ടോ ഡ്രൈവർ മകളെ വണ്ടിയിൽ കയറ്റി കൊണ്ടു വന്നു. പക്ഷെ, വന്നത് ഇങ്ങോട്ടല്ല. വരും വഴിക്കുള്ള ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന കാവിലേക്കാണ്. അയാള് മദ്യപിച്ചിരുന്നു. മദോന്മത്തനായിരുന്നു. മകളെ ശല്യം ചെയ്യാൻ നോക്കി. കാൽ വഴുതി വീണ ഡ്രൈവറെ മകൾ കല്ലുകൊണ്ട് തലക്കടിച്ചു.

മദ്യപൻ......

എന്തായി എന്നറിയില്ല.....ഭയന്നിട്ട് അന്വേഷിച്ചില്ല.....

ഇല്ല മോൾക്ക് ഒന്നും പറ്റിയിട്ടില്ല.... അവള് ഭയന്നിട്ടേയുള്ളൂ..... ഞാനെല്ലാം നോക്കി.... മോൾക്ക് ഒന്നുമായിട്ടില്ല.

പക്ഷെ, മദ്യപൻ......

അയാളും അവർക്കരുകില് ഇരുന്നു. വിളക്ക് കൊളുത്തിയില്ല. പിന്നീട് ഒന്നും പറഞ്ഞില്ല. നിമിഷങ്ങളോളം അങ്ങിനെ അവർക്കരുകില് ഇരുന്നപ്പോള് അയാളുടെ മനച്ചൂട് അകന്നു, അയാൾക്കു തോന്നി ഇങ്ങിനെയിരുന്നാല് പറ്റില്ല. ജീവിതം ഇനിയും ബാക്കിയാണ്, എന്തെങ്കിലും ചെയ്യണം.

അയാൾ പറഞ്ഞു.

അനങ്ങാതെ അവിടിരുന്നോളൂ.... ഞാനിപ്പം വരാം....

അയാൾ പോയത് ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന കാവിലേക്കാണ്. അയാള് മനസ്സിലാക്കുന്നു. അവള് പറഞ്ഞത് ശരിയാണ്. വഴിയില് കൂടി പോകുന്നവർക്ക് കാണാൻ കഴിയാത്ത വിധത്തില് ഓട്ടോറിക്ഷ കാടിന്റെ മറവിലേക്ക് മാറ്റിയാണിട്ടിരിക്കുന്നത്.

തീപ്പെട്ടിക്കൊള്ളിയുരച്ച് വെളിച്ച മുണ്ടാക്കി അയാള് കണ്ടു, വീണ്ടും, വീണ്ടും കണ്ടു.

കുറച്ചു കൂടി മറവിലേക്ക് മാറി ഓട്ടോഡ്രൈവര് കമിഴ്ന്ന് കിടക്കുന്നുണ്ട്. തലയുടെ പിന്നില് നിന്ന് ചോര വാർന്ന് ഉടുപ്പിൽപ്പറ്റി ഉണങ്ങിയിട്ടുണ്ട്, കഴിത്തിലൂടെ ഒഴുകി നിലത്ത് പടർന്നിട്ടുണ്ട്.

ഓട്ടോഡ്രൈവര് ചത്തു പോയിരിക്കുന്നു.

അയാള് അങ്ങിനെ തന്നെയാണ് ചിന്തിച്ചത്. ചത്തുപോയിരിക്കുന്നു.

മരിച്ചു, എന്നല്ല.

മരിച്ചു എന്നത് സംസ്കരിച്ച വാക്കാണ്. ഇവൻ ആ വാക്കിന് അനുയോജ്യനല്ല. ഇവന് യോജിച്ച വാക്കു തന്നെ മതി.

ഇനി.

ഇനിയാണ്.

ഇവിടെ വന്നിരുന്നാണ് അയാളും അവനും മറ്റു പലരും മദ്യപിക്കാറ്. നിത്യമില്ല. വല്ലപ്പോഴും. സ്വസ്ഥമായൊരിടമാണ്. അവൻ ചത്തുകിടക്കുന്നതിന് അടുത്തു തന്നെ ഒഴിഞ്ഞ കുപ്പികളും ഗ്ലാസ്സുകളും കാണാം. അതില് പലതിലും അയാളുടെയും അവന്റെയും വിരൽപ്പാടുകളും ഉണ്ടാകാം. ഉണ്ടാകാമെന്ന് സംശയിച്ചു ചിന്തിക്കേണ്ട കാര്യമില്ല, ഉണ്ട്.

അയാൾ ചിന്തിച്ചു.

അവനും ഞാനും മദ്യപിച്ചിരിക്കുകയായിരുന്നു. മദ്യം തലക്ക് കയറി മൂത്തപ്പോൾ അതുമിതും പറഞ്ഞ് വഴക്കായി, അടുത്ത് കിടന്നിരുന്ന ഒരു കല്ലെടുത്ത് അവന്റെ തലക്കടിക്കുകയെന്നൊരു കൈ അബദ്ധം പറ്റി. അവൻ ചാകാൻ വേണ്ടി ചെയ്തതല്ല. പറ്റിപ്പോയി.

അവൻ ചത്തുപോയി.

അയാള്, അവന്റെ തലയിൽ ഉണ്ടായിരിക്കുന്ന മുറിവിൽ സ്പർശിച്ചു, കട്ട പിടിച്ചിരിക്കുന്ന രക്തം ഇളക്കിയെടുത്ത് കയ്യിൽ ആക്കി, ആദ്യം ഷർട്ടിൽ, പിന്നീട് മുണ്ടിൽ തേച്ചു. അവന്റെ ദേഹത്ത് ശക്തിയായി കുലുക്കി, അവന്റെ ദേഹത്തു കൂടി വെറുതെ കൈ ഓടിച്ചു, ഷർട്ടിന്റെ പോക്കറ്റിൽ പരതി കിട്ടിയതെടുത്ത് കീശയിലാക്കി. അപ്പോഴാണ് ഓർത്തത്, അവൻ കൂടുതൽ കാശ് കൈയ്യിൽ വന്നാൽ നിക്കറിന്റെ പോക്കറ്റിലാണ് സൂക്ഷിക്കുന്നത്. ആയിരത്തിൽ കൂടുതൽ, ഇനി അത് അവന് ആവശ്യമില്ല, അവിടെ ഇരുന്നാൽ പോലീസുകാർക്കെ ഗുണം ചെയ്യുകയുള്ളൂ, അല്ലെങ്കിൽ തൊണ്ടി മുതലാക്കും. അതു വേണ്ട. അതും അയാള് എടുത്തു. തൊണ്ടി മുതലാക്കേണ്ടി വന്നാൽ അത് അയാളുടെ കൈയ്യിൽ നിന്നും വേണം കണ്ടെടുക്കാൻ...

അയാൾ തിരിച്ചെത്തി, വീട്ടിലെ വിളക്ക് കൊളുത്തിയില്ല, അവർക്കരുകിൽ ഇരുട്ടിൽ നോക്കിയിരുന്നു. ശബ്ദം താഴ്ത്തി പറഞ്ഞു.

ഞങ്ങൾ, ഞാനും അവനും കൂട്ടുകൂടി കള്ളുകുടിച്ചു. കള്ള് തലക്ക് പിടിച്ചപ്പോൾ അതുമിതും പറഞ്ഞ് വഴക്കായി. അടുത്തു കിടന്നിരുന്ന കല്ലെടുത്ത് തലക്കടിച്ചു. അവൻ ചത്തുപോയി.

പക്ഷെ, മകൾ വണ്ടിയിൽ കയറിവരുന്നത് കണ്ടവരില്ലെ.

അയാളുടെ ഭാര്യ ചേദിച്ചു.

കണ്ടവരുണ്ടാകാം. അത് സവാരിയായിരുന്നു. അതിന് ശേഷമാണ് സംഭവം നടന്നിരിക്കുന്നത്.

നിങ്ങൾ കപ്പലണ്ടി കച്ചവടം ചെയ്യുന്നത് കണ്ടവരില്ലെ. നിങ്ങളുടെ കയ്യിൽ നിന്ന് കപ്പലണ്ടി വാങ്ങിയവരില്ലെ. അവര് പറയില്ലെ.

അവരൊക്കെ കൃത്യമായി സമയം നോക്കിയാണോ കപ്പലണ്ടി വാങ്ങി തിന്നുന്നത്.അല്ലല്ലോ, കൃത്യത്തിന് മുമ്പും പിമ്പും ഒന്നുമറിയാത്തവനെപ്പോലെ കപ്പലണ്ടി കച്ചവടം ചെയ്തു.

എന്നാപ്പിന്നെ നമുക്ക് ഒന്നു മറിയാത്തതുപെലെ വിളക്കുകളൊക്കെ കത്തിച്ച്, ഭക്ഷണൊക്കെ കഴിച്ച് കിടന്നുറങ്ങിക്കൂടെ.

ഇല്ല. ഇന്നുറങ്ങിയാൽ നമ്മള് കുറ്റം മറയ്ക്കാൻ ശ്രമിക്കും. പോലീസിൻറെ അന്വേഷണങ്ങൾ നീളും നമ്മളിൽക്കൂടിയും മറ്റ് പലരിൽ കൂടിയും കറങ്ങിത്തിരിഞ്ഞ് ഒടുക്കം മകളിൽ എത്തി നിന്നാലോ. ഇപ്പോൾ ഞാൻ കുറ്റം സമ്മതം നടത്തിയാൽ ചുറ്റുമുള്ള അന്വേഷണം എന്നിൽ തന്നെ തങ്ങി നിൽക്കില്ലെ.

എങ്കിലും,

എങ്കിലും, ഒന്നുമില്ല അങ്ങിനെ തന്നെയാണ് വേണ്ടത്. കള്ളുകുടി ഒരു നല്ല ഏർപ്പാടാണ്, അതിന് മനുഷ്യനെ മത്തനാക്കാനും ബോധം കെടുത്താനും പലതും ചെയ്യിക്കാനും കഴിയും. അങ്ങിനെ ചെയ്തതാണ്, അതേ ആകാവൂ.....

ഇപ്പോൾ അയാൾ മാത്രം കഥയിലേക്ക് പ്രവേശിക്കുകയാണ്.

കഥ അവിടെ കൊണ്ട് അവസാനിക്കുകയില്ലല്ലോ.

നേരം പുലർന്നു. അവർ അവടെ തന്നെ അങ്ങിനെയിരുന്നു. പരാപരാ വെളുത്തപ്പോൾ അടുത്ത വീട്ടിലെ ഡ്രൈവറുടെ ഭാര്യ അയാളെ തേടിയെത്തി, അയാളെ നോക്കി പറഞ്ഞു.

ചേട്ടനിന്നലെ വന്നില്ലല്ലോ, ഒന്ന് പോയി നോക്കാമോ.

അയാള് കേട്ടതായി ഭാവിച്ചില്ല, അങ്ങിനെ ആയിരുന്നില്ല അയാള്, എന്തുകേട്ടാലും ഉടൻ പ്രതികരിക്കുമായിരുന്നു, കേട്ടപാതി, കേൾക്കാത്ത പാതി ചാടിപ്പുറപ്പെടുമായിരുന്നു.

അത്ര ഉള്ളറിഞ്ഞുള്ള ബന്ധമായിരുന്നു, അയാൾക്കു ഡ്രൈവർക്കും തമ്മിൽ. രണ്ടു വീടുകൾ തമ്മിലും.

അയാളുടെ നിശ്ചലത, നിസംഗത ഡ്രൈവർ പത്നിയെ സംശയാലുവാക്കി,. ഭീതിയിലാക്കി. അവളുടെ മുഖം വിവർണമാകുന്നതു വ്യക്തമായി കാണാം. ഭയചികിതയായി തിരിഞ്ഞ്, തിരിഞ്ഞ് നോക്കിക്കൊണ്ടവര് വഴിയിലേക്ക് ഓടിയിറങ്ങി. വഴിയിൽ ഒരു പട്ടിക്കുറുക്കനെയും കാണാനില്ല. അവര് വഴിയില് തന്നെ തളർന്നിരുന്നു.

അയ്യോ.

അവർ അലറി വിളിച്ചു.

അടുത്ത വീടുകളിൽ നിന്ന് ഉണർന്നവരൊക്കെ ഓടിക്കൂടി. ഉണരാതിരുന്നവരും ഞെട്ടിയെഴുന്നേറ്റ് വന്നു.

എന്നിട്ടും അയാളും അവളും മകളും അനങ്ങാതെ അവിടെത്തന്നെയിരുന്നു. ഓടിയെത്തിയവരിൽ പലരും അയാളുടെ വീട്ടിലേക്ക്, മുറ്റത്തു കയറിനിന്ന് മുറിയിലേക്ക്, വരാന്തയിൽ നിന്ന് അവരിലേക്ക് ഒളിഞ്ഞു നോക്കി.

കണക്കുകൂട്ടി.

സാരമായിട്ട് എന്തോ സംഭവിച്ചിട്ടുണ്ട്. അതിൽ അവിഹിതത്തിന്റെ സാദ്ധ്യത ആണ് പിന്നീട് ചിന്തിച്ചത്.

വന്നവർ, വന്നവർ കാട്ടിലും പടലിലും ഓടയിലും അടുത്ത പറമ്പുകളിലും ഡ്രൈവറെ തിരക്കി നടന്നു.

പ്ലാവില മറിച്ചു വച്ചു, മണ്മാങ്കട്ട ഉടച്ചു നോക്കി.

ആരോ കണ്ടെത്തി.

ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന കാവിൽ അയാൾ കമിഴ്ന്നു കിടക്കുന്നു. കുറച്ച് അകന്ന് അയാളുടെ ഓട്ടോയും വിശ്രമിക്കുന്നു

വെയിൽ കനത്തു. കാഴ്ചക്കാരെ വകഞ്ഞ് മാറ്റിക്കൊണ്ട് പോലീസെത്തി.

കാഴ്ചക്കാർക്ക് മനസ്സിലായി, കൊലപാതകം തന്നെ. അതിൽ കപ്പലണ്ടിക്കച്ചവടക്കാരന്റെ പങ്കേ ഇനി അറിയേണ്ടതുള്ളൂ.

തേർഡ് റേറ്റ് സിനിമകളിലെ ഹാസ്യപ്പോലീസുകളുടെ വികൃതികൾ കാണിക്കുന്നതിനു മുമ്പ് തന്നെ അയാൾ പോലീസ് ഓഫീസറുടെ കാൽക്കൽ വീണ് പറഞ്ഞു.

ഞാനാണ് കൊന്നത്, കള്ളുകുടിച്ചു കൊണ്ടിരുന്നപ്പോൾ അവൻ എന്തോ കോച്ചറാകൊള്ളിത്തരം പറഞ്ഞു, എനിക്ക് പിടിച്ചില്ല. കല്ലെടുത്ത് തലക്കൊരടി കൊടുത്തു, ചാകാൻ വേണ്ടി ചെയ്തല്ല, പറ്റിപ്പോയി........

പോലീസ് ഓഫീസർ കാണികളെ നോക്കി ഒന്ന് ചിരിച്ചു. കാണികൾ ആ ചിരിയെ ഇങ്ങിനെ ഊഹിച്ചെടുത്തു.

ഇതെന്ത് ഇവൻ കാണിക്കുന്നത് ഒന്നും ചോദിക്കാതെ തന്നെ കുറ്റം സമ്മതിക്കുന്നോ, വിഡ്ഢിയെന്ന്.....

പോലീസ് നടപടികൾ ചട്ടം പോലെ നടന്നു തുടങ്ങി. കാണികൾക്ക് ഇനി പ്രത്യകിച്ച് ഒന്നും കാണാനില്ലെന്നറിഞ്ഞ് പിരിഞ്ഞു പോയിക്കൊണ്ടിരുന്നു. പിന്നീട്ടും ചട്ടപ്പടിപ്രകാരം കാര്യങ്ങൾ നീങ്ങി. അയാളെ കെട്ടിത്തൂക്കി, വായിൽ തുണി തിരുകി കയറ്റി തല്ലിപ്പഴുപ്പിച്ചു, താഴെ കിടത്തി വായിൽ നിന്ന് തുണി എടുത്തപ്പോൾ പറഞ്ഞു.

ഞാൻ തന്നെയാണ് സാറെ കൊന്നത്.... കള്ളുകുടിച്ചപ്പോൾ അബദ്ധം പറ്റിയതാണ്...... വീണ്ടും കെട്ടിത്തൂക്കി, അഴിച്ച് കിടത്തുമ്പോൾ അതു തന്നെ പറഞ്ഞു. അങ്ങിനെ,അയാൾ മാത്രം കഥയിലേക്ക് പ്രവേശിച്ചു.

@@@@@@